ഉത്തരം

(എ) ഉണ്ട്. കമ്പനികളും, വൈദ്യുതി ബോർഡും തമ്മിൽ ഒപ്പിട്ടിട്ടുള്ള ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് അനുവാദം നൽകിയിട്ടുള്ളത്.

(ബി)
1. സുപ്രീം കേബിൾ നെറ്റ്വർക്ക് - കരുനാഗപ്പള്ളി
2. ഡി.ബി. കേബിൾസ് - കളമശ്ശേരി
3. എം. മുഹമ്മദ് ബഷീർ - വർക്കല
4. ഗ്ലോബൽ കേബിൾ ലിങ്ക് - കൊല്ലം
5. വലയിൽ വിഷൻ - കൊല്ലം
6. സ്കൈലൈൻസാറ്റ് വിഷൻ - കോട്ടയം
7. അഞ്ജലി ഓഡിയോൺ ഗ്രൂപ്പ് - കോട്ടപ്പുറം
8. ബ്ലൂബേർഡ് കേബിൾ നെറ്റ്വർക്ക് - കൊല്ലം
9. ഏഷ്യാനെറ്റ് കേബിൾ നെറ്റ്വർക്ക് - കുണ്ടറ
10. സൺവിഷൻ കേബിൾ നെറ്റ്വർക്ക് - കുണ്ടറ
11. സി. സൈൻകേബിൾ നെറ്റ്വർക്ക് - പത്തനംതിട്ട

ഏകദേശം 3.5 ലക്ഷം രൂപയോളം 1998-99 കാലയളവിൽ ലഭിച്ചിട്ടുണ്ട്.

(1946) കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് വൈദ്യുതി ഉല്പാദനം നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നത്;

(ബി) വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡും കാർബൊറാണ്ടം കമ്പനിയും തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കരാർ ലംഘനം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കമ്പനിക്ക് വൈദ്യുതി ഉല്പാദിപ്പിക്കാൻ നൽകിയിരിക്കുന്ന അനുമതി റദ്ദാക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 30 വർഷം.

(ബി) ഔദ്യോഗിക രഹസ്യരേഖയായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) കരാർ ലംഘനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(1947) പുതിയ തസ്തികകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം വൈദ്യുതി ബോർഡിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു;

(ബി) ഇവയിൽ ഗസറ്റഡ് എത്ര; നോൺ ഗസറ്റഡ് എത്ര;

(സി) ഈ ഓരോ വിഭാഗത്തിലും സിവിൽ വിംഗിലും ഇലക്ട്രിക്കൽ വിംഗിലും എത്ര തസ്തികകൾ വീതം സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1975 തസ്തികകൾ.

(ബി) ഗസറ്റഡ് - 705

നോൺ ഗസറ്റഡ് - 1270

(സി) ഗസറ്റഡ് വിഭാഗം

സിവിൽ - 23

ഇലക്ട്രിക്കൽ - 569

മറ്റു വിഭാഗങ്ങൾ - 113

നോൺ ഗസറ്റഡ് വിഭാഗം

സിവിൽ - 44

ഇലക്ട്രിക്കൽ - 819

മറ്റു വിഭാഗങ്ങൾ - 407

(1951) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശേഷിയാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ജലവൈദ്യുതിയിൽനിന്നും താപനിലയങ്ങൾ, ഡീസൽ നിലയങ്ങൾ എന്നിവയിൽനിന്നും എത്ര വീതം ഉല്പാദിപ്പിക്കാൻ കഴിയുന്നുവെന്ന് വെളിപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ജലവൈദ്യുതിയിൽ നിന്നും താപവൈദ്യുതിയിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ശരാശരി എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കായംകുളം എൻ.ടി.പി.സി.യുടെ തെർമൽ പവർ പ്രോജക്ടിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) അവിടെ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കെ.എസ്.ഇ.ബി. എടുക്കുന്നുണ്ടോ;

(എഫ്) കായംകുളം താപവൈദ്യുത നിലയവുമായിട്ടുള്ള പവർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം ഒരു യൂണിറ്റിന് എത്രയാണ് നിരക്ക് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly